# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3042 | 10/05/2017-ൽ മറുപടിക്ക്

## എച്ച്.വൺ.എൻ.വൺ പനി

**ചോദ്യം**

**ശ്രീ.സി. ദിവാകരൻ**
**ശ്രീമതി ഗീതാ ഗോപി**
**ശ്രീ.വി.ആർ. സുനിൽ കുമാർ**
**,, മുഹമ്മദ് മുഹസിൻ പി.**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

**എ)** എച്ച്.വൺ.എൻ.വൺ പനിയെ സംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനും അവരെ ജാഗരൂകരാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

**എ)** 2017 ആരംഭം മുതൽ തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലും എച്ച്1 എൻ1 പനിയുടെ വ്യക്തമായ വർദ്ധനവ് ആരോഗ്യവകുപ്പിന്റെ ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ട്. എച്ച്1 എൻ1 ഒരു വൈറൽ അസുഖമാണ്. ഇത് ചുമയ്ക്കുന്നതിൽ നിന്നും തുമ്മുന്നതിൽ കൂടിയുമാണ് ഒരു വ്യക്തിയിൽ നിന്ന് പകരുന്നത്. ഇത് പകർന്ന് കിട്ടുന്ന വ്യക്തിയുടെ പൊതുആരോഗ്യനില നല്ലതാണെങ്കിൽ ഇത് മിക്കപ്പോഴും വളരെ തീവ്രത കുറഞ്ഞതും ഇതിന്റെ പ്രത്യേക മരുന്നായ OSELTAMIVIR പോലും ആവശ്യം വരാതെ തന്നെ ഭേദപ്പെടുന്നതുമാണ്. ശരീരത്തിന്റെ സ്വാഭാവിക പ്രതിരോധ ശക്തി താരതമ്യേന കുറഞ്ഞിരിക്കാൻ സാധ്യതയുള്ള ശാരീരിക അവസ്ഥകൾ ഉള്ള വ്യക്തികളിൽ (ഗർഭാവസ്ഥ, പ്രമേഹം, കരൾ-വൃക്ക-ഹൃദ്രോഗം, മറ്റ് നീണ്ടകാല രോഗങ്ങൾ) ഇതിന്റെ തീവ്രത അപ്രതീക്ഷിതമായി വർദ്ധിക്കാൻ സാധ്യത ചിലരിലുണ്ട്. എച്ച്1 എൻ1 രോഗത്തിനുള്ള ചികിത്സ ഇന്ന് എല്ലാ സർക്കാർ ആരോഗ്യസ്ഥാപനങ്ങളിലും സൗജന്യ-മായി ലഭ്യമാണ്. സ്വകാര്യ മേഖലയിലെ ഡോക്ടർമാർ/ആശുപത്രികളിലെ ആവശ്യ-ത്തിനായി ഈ മരുന്ന് കാരുണ്യ മെഡിക്കൽ സപ്ലൈസ് കടകളിലും നിർദ്ദിഷ്ട SCHEDULE-X ലൈസൻ-

സുള്ള മരുന്ന് കടകളിലും ലഭ്യമാക്കിയിട്ടുണ്ട്. പകർച്ച തടയാൻ ഏറ്റവും പ്രധാനപ്പെട്ട മാർഗ്ഗങ്ങൾ.

**എ) ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും വായും മൂക്കും തൂവാലകൊണ്ട് മൂടുക**

**ബി) ഇടയ്ക്കിടയ്ക്ക് സോപ്പ് ഉപയോഗിച്ച് കൈകഴുകുക**

**സി) സാധ്യതയുള്ള വ്യക്തി ഓഫീസ്/ ജോലി/സ്കൂൾ/അംഗൻവാടി/ ഡേകെയർ എന്നിവിടങ്ങളിൽ നാലഞ്ചു ദിവസം പോകാതിരിക്കുക**

ചികിത്സ പൂർണ്ണമായി ഫലപ്രദമാക്കാൻ ഡോക്ടർ നിർദ്ദേശിക്കുന്ന മരുന്നുകൾക്ക് പുറമേ മറ്റ് സഹായ പരിചരണങ്ങൾ (ആഹാരം, കഞ്ഞിവെള്ളം പോലുള്ള ചൂട് പാനീയങ്ങൾ വിറ്റാമിൻസ് ലഭിക്കത്തക്ക-വിധത്തിലുള്ള ഫലവർഗ്ഗങ്ങൾ, വിശ്രമം) വളരെ ആവശ്യമാണ്. മേൽപറഞ്ഞ വിവരങ്ങൾ എച്ച്1 എൻ1 ചികിത്സ മാർഗ്ഗരേഖകളിൽ ജനങ്ങളെ ബോധ-വൽക്കരിക്കാൻ കൂടി ചേർത്തിട്ടുണ്ട്.

കേരള ആരോഗ്യവകുപ്പ് പ്രസിദ്ധീകരിച്ച "പനി" എന്ന ലഘുലേഖ നോട്ടീസിൽ ജനങ്ങളുടെ ശ്രദ്ധയ്ക്കായി മാസ് മീഡിയ വഴി വിതരണത്തിന് നിർദ്ദേശിച്ചിട്ടുണ്ട്. സൂക്ഷി-പ്പിനായിട്ടുള്ള എല്ലാ വിവരങ്ങളും ആരോഗ്യ വകുപ്പിന്റെ "റേഡിയോ ഹെൽത്ത്" പ്രക്ഷേപണത്തിലൂടെ ആവർത്തിച്ച് ജനങ്ങളിലെത്തിക്കുന്നുണ്ട്.

പത്രമാധ്യമങ്ങളിൽകൂടി ആരോഗ്യവകുപ്പ് ഡയറക്ടർ രണ്ടു തവണ സുരക്ഷാ പത്രക്കുറിപ്പ് റിലീസ് ചെയ്തിട്ടുണ്ട്. ആകാശവാണി, ദൂരദർശൻ തുടങ്ങി ഇലക്ട്രോണിക് മാധ്യമങ്ങളിൽകൂടി ചുമതലപ്പെട്ട ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ വിവിധ ചാനലുകളിൽ കൂടി പരിപാടികളും ന്യൂസ് ക്ലിപ്പുകളും ചെയ്തുവരുന്നു. ആനുകാലിക മാധ്യമമായ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ കൂടിയും മാർഗ്ഗരേഖകൾ, ബിറ്റ് നോട്ടീസുകൾ ജനങ്ങൾക്കും ഡോക്ടർമാർക്കുമായി ഷെയർ

ചെയ്തിട്ടുണ്ട്.

ബോധവൽക്കരണ പ്രക്രിയകളെ ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (പി.എച്ച്) ന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് നോഡൽ ഓഫീസർ, സ്റ്റേറ്റ് എപ്പിഡമിയോളജിസ്റ്റ്, സ്റ്റേറ്റ് മാസ് മീഡിയ ഓഫീസർ എന്നിവർ തുടർച്ചയായി വിലയിരുത്തുകയും, ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**